<u>പതിമൂന്നാം കേരള നിയമസഭ</u>

<u>എട്ടാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2206 — 26.03.2013 ലെ മറുപടിയ്ക്ക്

<u>കാരുണ്യ ചികിത്സാ നടപടി ക്രമങ്ങൾ സുതാര്യമാക്കാൻ നടപടി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) 2012-13-ൽ മാർച്ച് 15 വരെ കാരുണ്യ ഭാഗ്യക്കുറിയിലൂടെ എത്ര തുക വിറ്റു വരവ് ഇനത്തിൽ ലഭിക്കുകയുണ്ടായി ; ആയതിൽ നിന്നും അറ്റാദായയിനത്തിൽ സർക്കാരിന് എത്ര തുക സ്വരൂപിക്കാൻ കഴിഞ്ഞു; അതിൽ നിന്നും എത്ര തുക രോഗികൾക്കായി അനുവദിച്ചു; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) 2012-13 സാമ്പത്തിക വർഷത്തിൽ മാർച്ച് 15 വരെ കാരുണ്യ-78 (KR-78) വരെയുള്ള ഭാഗ്യക്കുറിയിലൂടെ 434.88 കോടി രൂപ വിറ്റുവരവായി ലഭിച്ചിട്ടുണ്ട്. ടി ഭാഗ്യക്കുറിയിൽ നിന്ന് 2011-12, 2012-13 വർഷങ്ങളിൽ ഏകദേശം 138 കോടി രൂപ അറ്റാദായമായി ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും 115 കോടി രൂപ ഇതുവരെ സാമ്പത്തിക സഹായമായി കാരുണ്യ ബെനവലന്റ് ഫണ്ടിന് നൽകുകയുണ്ടായി.<br>7502 രോഗികൾക്ക് 79.17 കോടി രൂപ വിവിധ ആശുപത്രികളിലൂടെ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ചികിൽസ തുടങ്ങും മുമ്പ് സഹായത്തിന് അപേക്ഷ നൽകണമെന്ന വ്യവസ്ഥയിൽ നിലവിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തി; വിശദമാക്കുമോ ; | (ബി) നേരത്തെ അപേക്ഷ സമർപ്പിക്കാത്ത രോഗികളിൽ സർക്കാർ ആശുപത്രികളിൽ അടിയന്തിര ശസ്ത്രക്രിയക്ക് വിധേയരാകുന്ന രോഗികൾക്ക് അടിയന്തിര ശസ്ത്രക്രിയ ആവശ്യമായിരുന്നു എന്നു കാണിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റ് സഹിതം ശസ്ത്രക്രിയ കഴിഞ്ഞ് 24 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളും സ്വീകരിക്കുന്നതാണ്. |
| (സി) മറ്റ് സംസ്ഥാനങ്ങളിൽ അടിയന്തിരഘട്ടങ്ങളിൽ ചികിൽസ തേടുന്നവർക്ക് ചികിൽസാ സഹായം നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) നിലവിൽ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും അക്രെഡിറ്റു ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലും ചികിത്സയ്ക്കു മാത്രമേ സഹായം അനുവദിക്കാൻ വ്യവസ്ഥയുള്ളൂ. സംസ്ഥാനത്തിനു പുറത്തു ചികിത്സ തേടുന്നവർക്ക് ഈ പദ്ധതി പ്രകാരം ധനസഹായം നല്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

| | |
|---|---|
| (ഡി) കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നുള്ള ചികിൽസാ നടപടിക്രമങ്ങൾ സുതാര്യവും കഴിയുന്നത്ര വേഗത്തിലുമാക്കാൻ നിലവിലെ വ്യവസ്ഥകളിൽ സമൂലമായ എന്തൊക്കെ മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ? | (ഡി) നിലവിൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാ ധനസഹായം നല്കുന്നതിനുള്ള വ്യവസ്ഥകൾ സുതാര്യമാണ്. വരുമാനം തെളിയിക്കുന്നതിലേയ്ക്കായി റേഷൻ കാർഡ് ഒഴികെ മറ്റ് രേഖകളൊന്നും ആവശ്യമില്ല. രോഗിയെ പിന്നീട് പുനർ രോഗ നിർണ്ണയം നടത്തുന്നില്ല. ആശുപത്രികളിൽ നിന്നുള്ള ശുപാർശയുടെ അടിസ്ഥാനത്തിലാണ് സഹായ ധനം അനുവദിക്കുന്നത്.<br><br>ചികിത്സാ ധനസഹായം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകാവുന്ന കേസ്സുകളിൽ അടിയന്തിര ചികിത്സ ആവശ്യമായി വരുന്നവർക്ക് മുൻകൂർ ചികിത്സാ അനുമതി നല്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ചികിത്സ തടസ്സം കൂടാതെ നടത്തുന്നതിന് എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഇംപ്രസ്റ്റ്മണി ലഭ്യമാക്കിയിട്ടുണ്ട്. ജില്ലകളിൽ നിന്നും ശുപാർശ ചെയ്തും സംസ്ഥാനതലത്തിൽ ലഭിക്കുന്നതുമായ അപേക്ഷകൾക്കും അടിയന്തിര ചികിത്സക്കായി മുൻകൂർ അനുമതി ബന്ധപ്പെട്ട ആശുപത്രികൾക്ക് നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

2206

# KARUNYA BENEVOLENT FUND

DISTRICT WISE DETAILS OF AMOUNT SANCTIONED TO PATIENTS AS ON 29.01.2013

| | DISTRICT | GOVT. HOSPITAL | | PRIVATE HOSPITAL | | TOTAL | |
|---|---|---|---|---|---|---|---|
| | | BENEFICIARIES | AMOUNT | BENEFICIARIES | AMOUNT | TOTAL NO OF BENEFICIARIES | TOTAL AMOUNT |
| | TRIVANDRUM | 908 | 95450488 | 3 | 133500 | 911 | 95583988 |
| | KOLLAM | 559 | 59281241 | 0 | | 559 | 59281241 |
| | PATHANAMTHITTA | 316 | 29894608 | 1 | 42000 | 317 | 29936608 |
| | ALAPPUZHA | 467 | 39631435 | 0 | | 467 | 39631435 |
| | KOTTAYAM | 631 | 56922555 | 1 | 75000 | 632 | 56997555 |
| | IDUKKI | 264 | 27435692 | 1 | 42000 | 265 | 27477692 |
| | ERNAKULAM | 464 | 44356441 | 1 | 65000 | 465 | 44421441 |
| | THRISSUR | 312 | 30020300 | 0 | | 312 | 30020300 |
| 9 | PALAKKAD | 371 | 34180545 | 8 | 422000 | 379 | 34602545 |
| 10 | MALAPPURAM | 612 | 67261850 | 1 | 65000 | 613 | 67326850 |
| 11 | KOZHIKKODE | 705 | 72572035 | 0 | | 705 | 72572035 |
| 12 | WAYANAD | 179 | 17379778 | 0 | | 179 | 17379778 |
| 13 | KANNUR | 1349 | 164288042 | 1 | 42000 | 1350 | 164330042 |
| 14 | KASARAGOD | 350 | 41171165 | 0 | 0 | 350 | 41171165 |
| Fund released to Dist Collector / Hosptials etc. (Imprest fund and payment upto Rs.3000) | | | 11000000 | | | | |
| | Total | 7485 | 790846175 | 17 | 886500 | 7502 | 791732675 |